പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3561

15.03.2018 ൽ മറുപടിക്ക്

# ആറ്റുമണൽ ഇറക്കുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വിദേശത്ത് നിന്ന് ആറ്റുമണൽ ഇറക്കുമതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇല്ലെങ്കിൽ അനുമതിക്കായി സംസ്ഥാന സർക്കാരിന് ഏതെങ്കിലും കമ്പനി അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(സി) എങ്കിൽ ഏതെല്ലാം കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ടെന്നും സർക്കാർ എടുത്ത തീരുമാനം എന്താണെന്നും വ്യക്തമാക്കാമോ; | (എ) (ബി) & (സി) കേന്ദ്ര സർക്കാരിന്റെ കീഴിലെ ഡയറക്ടർ ജനറൽ ഓഫ് ഫോറിൻട്രേഡിന്റെ 07.11.2014 ലെ 97-ാം നമ്പർ വിജ്ഞാപനത്തിൽ നിഷ്കർഷിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി വിദേശത്ത് നിന്ന് മണൽ ഇറക്കുമതി ചെയ്ത് വില്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വിൽപ്പന നടത്തുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വിശദമാക്കി 20.02.2018 ലെ 57/എ 3/2018/വ്യവ നമ്പർ സർക്കാർ സർക്കുലറിൽ ഉണ്ട്. 2017-18 സാമ്പത്തിക വർഷം മൈനിംഗ് & ജിയോളജി വകുപ്പിൽ ഇറക്കുമതി ചെയ്ത മണൽ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിനുള്ള അനുമതിക്കായി 3 കമ്പനികൾ അപേക്ഷകൾ നൽകിയിട്ടുണ്ട്. മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത ആറ്റുമണൽ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് എറണാകുളം ജില്ലാ ആഫീസിൽ 1) മെ.എം.ആർ.എം രാമയ്യ എന്റർ പ്രൈസസ് (പ്രൈ) ലിമിറ്റഡ്, തമിഴനാട്, 2) മെ.ഓറിയന്റൽ എക്സിം ഏജൻസി എറണാകുളം, 3) മെ.വേൾഡ് വിൻഡോ ഇംപെക്സ് (പ്രൈ) ലിമിറ്റഡ് ന്യൂഡൽഹി എന്നീ കമ്പനികൾ അപേക്ഷ നൽകുകയും ആദ്യത്തെ രണ്ട് കമ്പനികൾക്ക് യഥാക്രമം 43,807 മെട്രിക് ടൺ, 45,000 മെട്രിക് ടൺ മണൽ വിൽക്കുവാൻ ഡീലേഴ്സ് ലൈസൻസ് അനുവദിക്കുകയും മൂന്നാമത്തെ കമ്പനിയായ മെ.വേൾഡ് വിൻഡോ ഇംപെക്സ് (പ്രൈ) ലിമിറ്റഡിന് |

46,000 മെട്രിക് ടൺ മണൽ വിൽക്കുവാനുള്ള അനുവാദം നൽകുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ ഇപ്രകാരം ഇറക്കുമതി ചെയ്ത മണൽ മറ്റു ജില്ലകളിൽ സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുവാൻ പത്തനംതിട്ട ജില്ലയിൽ മെ.എസ്.ജി. ഇൻഫ്രാസ്ട്രക്ചർ & ട്രേഡിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനവും പാലക്കാട് ജില്ലയിൽ മെ.എസ്സെജ് ഇൻഡ്യ സ്ട്രക്ച്ചർ ആന്റ് ട്രേഡിംഗ് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനവും കൊല്ലം ജില്ലയിൽ 1) മെ.എസ്.ജി. ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് ട്രേഡിംഗ് കമ്പനി, 2) മെ.എഫ്.ടു.എച്ച് എന്നീ സ്ഥാപനങ്ങളും ജില്ലാ ആഫീസിൽ അപേക്ഷ നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ മെ.എസ്.ജി. ഇൻഫ്രാസ്ട്രക്ചർ ആന്റ് ട്രേഡിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഡീലേഴ്സ് ലൈസൻസ് അനുവദിക്കുകയും മറ്റു ജില്ലകളിലെ അപേക്ഷകളിന്മേൽ ജില്ലാ ആഫീസുകൾ നടപടി സ്വീകരിച്ചു വരികയുമാണ്.

(ഡി) മുമ്പ് കേരളത്തിലേക്ക് മണൽ ഇറക്കുമതി ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഏത് കമ്പനി എത്ര ടൺ മണലാണ് ഇറക്കുമതി ചെയ്തതെന്നും ഏതെല്ലാം കേന്ദ്രങ്ങളിലാണ് വിൽപ്പന നടത്തിയതെന്നും വ്യക്തമാക്കാമോ?

(ഡി) & (ഇ) കേരളത്തിലേക്ക് ഈ സാമ്പത്തിക വർഷത്തിനു മുമ്പും മണൽ ഇറക്കുമതി ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷത്തിനു മുമ്പ് എറണാകുളം ജില്ലയിൽ കമ്പോഡിയയിൽ നിന്നും ഇറക്കുമതി ചെയ്ത മണൽ വിൽക്കുന്നതിന് 1) മെ.സൺ ആന്റ് സാൻഡ്സ് കൊച്ചിൻ എന്ന സ്ഥാപനത്തിന് 74,098 മെട്രിക് ടൺ മണലിനും, 2) മെ.ടൈറ്റാനിക്ക് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 23,000 മെട്രിക് ടൺ മണലിനും, 3) മെ.രുദ്രാ കമ്മോഡിറ്റീസ് ആന്റ് എനർജി 1,33,044 മെട്രിക് ടൺ മണലും വിൽപന നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസുകൾ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ ആലപ്പുഴ ജില്ലയിൽ മെ.എ.ആർ.എൻ. ഏജൻസീസ് ചേർത്തല എന്ന സ്ഥാപനത്തിന് 23,000 മെട്രിക് ടൺ മണൽ വിൽപന നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്.

Manjith

**സെക്ഷൻ ഓഫീസർ**